ശബരിമല തീർത്ഥാടന സീസണിൽ മനുഷ്യവിസർജ്യം അടക്കമുള്ള മാലിന്യങ്ങൾകൊണ്ട് നിറഞ്ഞ പമ്പയുടെ കൈവഴിയായ ഞുണങ്ങാറിനെ മാലിന്യ മുക്തമാക്കുന്നതിന് ഘനലോഹങ്ങൾ അടങ്ങിയ ഫെറസ് ക്ളോറൈഡ് ഉപയോഗിച്ച് അത്യന്തം ഗുരുതരമായ മറ്റൊരു മലിനീകരണം സൃഷ്ടിച്ചിരിക്കുകയാണ് മലിനീകരണ നിയന്ത്രണ ബോർഡ്. അപകടകരങ്ങളായ ഘനലോഹങ്ങൾ അടങ്ങിയതാണ് ഫെറസ് ക്ളോറൈഡ് എന്നറിഞ്ഞിട്ടും അത് ഉപയോഗിച്ച് ശുദ്ധീകരണ പ്രക്രിയ നടത്തിയത് ഗുരുതരമായ നിയമലംഘനമാണെന്നും ഇതിന് പിന്നിൽ ഗൂഢാലോചനയാണോ എന്ന് സംശയിക്കേണ്ടതുണ്ടെന്നും പ്രശ്നത്തെക്കുറിച്ച് പഠിച്ച വിദഗ്ദ്ധ സമിതി വിലയിരുത്തുന്നു.

# പമ്പയിൽ സർക്കാർ വിഷം കലക്കുന്നു

എ.പി. താജുദ്ദീൻ

പമ്പയുടെ കൈവഴിയായ ഞുണങ്ങാറിനെ മാലിന്യ മുക്തമാക്കുന്നതിന് ഘനലോഹങ്ങൾ അടങ്ങിയ ഫെറസ് ക്ളോറൈഡ് ഉപയോഗിച്ച് പുണ്യനദിയെന്ന് സങ്കൽപ്പിക്കപ്പെടുന്ന പമ്പയെ വിഷലിപ്തമാക്കുന്നു.

പമ്പയിൽ ഘനലോഹങ്ങൾ അടങ്ങിയ ഫെറസ് ക്ളോറൈഡ് ഉപയോഗിക്കുന്നത് മുപ്പത്തഞ്ചിലേറെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുദ്ധജലപദ്ധതികളെയും ജനങ്ങളുടെ ആരോഗ്യത്തെയും ഗുരുതരമായി ബാധിക്കുമെന്നാണ് ഇതു സംബന്ധിച്ച പഠനസംഘത്തിന്റെ വിലയിരുത്തൽ. ഘനലോഹങ്ങളുടെ അംശങ്ങൾ ഭക്ഷ്യശൃംഖല വഴി മനുഷ്യശരീരത്തിൽ പ്രവേശിച്ചാൽ വൃക്കത്തകരാറുകൾ, കാൻസർ, ബുദ്ധിമാന്ദ്യം, കേൾവിത്തകരാർ, അമിത രക്തസമ്മർദ്ദം, വന്ധ്യത, നാഡീവ്യൂഹതകരാറുകൾ, കരൾവീക്കം, വയർവേദന, വയറിളക്കം, മന്ദത, പാൻക്രിയാസ് തകരാറുകൾ, വിളർച്ച തുടങ്ങിയ മാരകരോഗങ്ങൾക്ക് ഇടയാക്കും.

ആർ. അജയൻ കൺവീനറും കൊച്ചിൻ യൂണിവേഴ്സിറ്റിയിലെ കെമിക്കൽ ഓഷ്യാനോഗ്രാഫി തലവൻ ഡോ. എൻ. ചന്ദ്രമോഹൻകുമാർ, പ്രാദേശിക പരിസ്ഥിതി സമിതിയുടെ മുൻ ചെയർമാനും ഹൈക്കോടതി അഭിഭാഷകനുമായ പി.കെ. ഇബ്രാഹിം, പ്രാദേശിക പരിസ്ഥിതി സമിതി മുൻ അംഗവും പെരിയാർ മലിനീകരണ വിരുദ്ധ സമിതി ഗവേഷണ വിഭാഗം കൺവീനറുമായ പുരുഷൻ ഏലൂർ, പീപ്പിൾസ് യൂണിയൻ ഫോർ ലിബർട്ടീസ് സംസ്ഥാന ട്രഷറർ ജേക്കബ് ലാസർ, കോഴഞ്ചേരി സെന്റ് തോമസ് കോളേജ് ബോട്ടണി വിഭാഗം തലവൻ ഡോ. തോമസ്. പി. തോമസ്, സംസ്ഥാന നദീ സംരക്ഷണ സമിതി വൈസ് പ്രസിഡന്റ് വി.എൻ. ഗോപിനാഥപിള്ള, നദീ ഗവേഷണ കേന്ദ്രത്തിലെ ഡോ. എ. ലത എന്നിവർ അംഗങ്ങളുമായ സമിതിയാണ് സന്ദർശനം നടത്തി റിപ്പോർട്ട് തയ്യാറാക്കിയത്.

പശ്ചിമഘട്ടത്തിൽ നിന്നു ഉത്ഭവിച്ച് അയ്യപ്പസന്നിധാനത്തിന്റെ പുറകുവശത്തുകൂടി പമ്പയിൽ ചേരുന്ന കൈവഴിയാണ് ഞുണങ്ങാർ. സന്നിധാനത്തെ നൂറുകണക്കിന് കക്കൂസുകൾ മണ്ഡല മകരവിളക്ക് കാലത്ത് ആദ്യ ആഴ്ചകളിൽ തന്നെ നിറഞ്ഞു കവിയുകയും മനുഷ്യവിസർജ്യം അടക്കമുള്ളവ കവിഞ്ഞൊഴുകി ഞുണങ്ങാറിൽ എത്തുകയും ചെയ്യുന്നു. ഇത് ഗുരുതരമായ ആരോഗ്യ- പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നുണ്ട്.

ഇതിന് പരിഹാരം എന്ന നിലയിലാണ് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഫെറസ് ക്ളോറൈഡ് ഉപയോഗിച്ച് നദീജല ശുദ്ധീകരണത്തിന് അനുമതി നൽകിയത്. മാലിന്യസംസ്കരണ പ്ളാന്റിൽ പോലും മറ്റു ഘനലോഹങ്ങളുടെ സാന്നിധ്യമില്ലാത്ത ശുദ്ധ ഫെറസ്/ ഫെറിക് ക്ളോറൈഡാണ് ഊറൽ പ്രക്രിയയ്ക്ക് ഉപയോഗിക്കുന്നത്. എന്നാൽ ഒരു നദിയുടെ കൈവഴിയിൽ തടയണ കെട്ടി അപകടകരങ്ങളായ ഘനലോഹങ്ങൾ അടങ്ങിയ ഫെറസ് ക്ളോറൈഡ് ഉപയോഗിച്ച് ശുദ്ധീകരണ പ്രക്രിയ നടത്തിയത് ഗുരുതരമായ നിയമലംഘനവും ഗൂഢാലോചനയുമാണെന്ന് സംശയിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തിയത്.

എടയാർ മേഖലയിലെ ഒരു സ്വകാര്യ വ്യവസായ സ്ഥാപനത്തിന്റെ വ്യവസായ അവശിഷ്ടമാണ് ഉപോൽപ്പന്നം എന്ന നിലയിൽ ഞുണങ്ങാറിലെ മലിനജല സംസ്കരണത്തിനായി ഉപയോഗിക്കുന്നതെന്ന് സമിതി ചൂണ്ടിക്കാട്ടുന്നു. പമ്പയിൽ ഉപയോഗിക്കുന്ന ഫെറസ് ക്ളോറൈഡ് സുരക്ഷിതമാണെന്നും എന്നാൽ അവയിൽ ഘനലോഹങ്ങളുടെ സാന്നിധ്യം ഇല്ലെന്നുമാണ് മലിനീകരണ നിയന്ത്രണ ബോർഡ് അവകാശപ്പെടുന്നത്. എന്നാൽ ഇവിടെ ഉപയോഗിക്കുന്ന ഫെറസ് ക്ളോറൈഡിൽ അപകടകരങ്ങളായ മാലിന്യങ്ങളിൽ പെടുന്ന ഘനലോഹങ്ങളായ ലെഡ്, കാഡ്മിയം, സിങ്ക്, മാംഗനീ

സ്, ക്രോമിയം തുടങ്ങിയവ അടങ്ങിയിട്ടുള്ളതായി സുപ്രീംകോടതി നിരീക്ഷണ സമിതിയുടെ നിർദ്ദേശപ്രകാരം രൂപീകൃതമായ പ്രാദേശിക പരിസ്ഥിതി സമിതി നേരത്തെ കണ്ടെത്തിയിരുന്നു.

ജനകീയ വസ്തുതാന്വേഷണ സമിതിയുടെ നിർദ്ദേശപ്രകാരം ഡിസംബർ 15ന് രണ്ട് കമ്മറ്റിയംഗങ്ങൾ ഞുണങ്ങാറിൽ പോയി കഴിഞ്ഞ വർഷം ഫെറസ് ക്ളോറൈഡ് ഉപയോഗിച്ച് സംസ്കരിച്ചതിനു ശേഷം വന്ന സ്ളഡ്ജ് എടുത്ത് കൊച്ചിയിലെ ലാബിൽ പരിശോധിച്ചിരുന്നു. അതിൽ ഘനലോഹങ്ങളുടെ സാന്നിധ്യം അനുവദനീയമായതിലും ഏറെ കൂടുതലായിരുന്നു. ലെഡ്- 67.35 മി.ഗ്രാം/ കിലോഗ്രാം, കാഡ്മിയം- 2.10 മി. ഗ്രാം/ കിലോഗ്രാം, സിങ്ക്- 97.80 മി.ഗ്രാം/ കിലോഗ്രാം, മാംഗനീസ്- 158.79 മി. ഗ്രാം/ കിലോഗ്രാം, അയേൺ- 32016.98 മി. ഗ്രാം/ കിലോഗ്രാം, ക്രോമിയം- 85.81 മി. ഗ്രാം/ കിലോഗ്രാം എന്നിങ്ങനെയായിരുന്നു പരിശോധനാഫലം. പമ്പയിലെ ക്വാളിഫോം ബാക്ടീരിയയുടെ അളവ് നിയന്ത്രിക്കാൻ എന്ന രീതിയിൽ ഫെറസ് ക്ളോറൈഡ് ഉപയോഗിച്ചാൽ കോളിഫോം ബാക്ടീരിയയുടെ അളവ് കുറയില്ലെന്നു മാത്രമല്ല, ഘനലോഹങ്ങളുടെ സാന്നിധ്യം കൂടുകയും ചെയ്യുമെന്ന് സമിതി ചൂണ്ടിക്കാട്ടി.

ഫെറസ് ക്ളോറൈഡ് ഉപയോഗിക്കുന്നതിന് മുമ്പും ശേഷവും ജലപരിശോധന നടത്തിയതിൽ നിന്നു ജലത്തിലെ ക്വാളിഫോം ബാക്ടീരിയയുടെ അളവ് നിന്ത്രിക്കുന്നതിൽ ഫെറസ് ക്ളോറൈഡ് എന്ന രാസപദാർത്ഥം കൊണ്ട് വലിയ പ്രയോജനമില്ലെന്ന് ബോധ്യമായതായും സമിതി അറിയിച്ചു. ക്വാളിഫോം ബാക്ടീരിയ സാധാരണ ഊഷ്മാവിൽ 48 മണിക്കൂർ മാത്രമേ ജീവിച്ചിരിക്കൂ എന്നിരിക്കെ ഇതിന്റെ അളവ് കാണിച്ച് ഭീതിദമായ രോഗങ്ങളെ സംബന്ധിച്ച പരിഭ്രാന്തി പരത്തി ജനങ്ങളെയും അധികാരികളെയും പേടിപ്പിച്ച് തങ്ങളുടെ താൽപ്പര്യം സംരക്ഷിക്കാനുള്ള ആവേശമാണ് മലിനീകരണ നിയന്ത്രണബോർഡ് കാണിക്കുന്നതെന്ന് സമിതി കുറ്റപ്പെടുത്തുന്നു.

ഞുണങ്ങാറിൽ ഉപയോഗിക്കുന്ന ഫെറസ് ക്ളോറൈഡിൽ ഹൈഡ്രേറ്റഡ് ട്രൈറ്റാനിയ എന്ന ഘടകം കൂടി ഉള്ളതുകൊണ്ട് ഊറൽ പ്രക്രിയ സുഗമമായി നടക്കുമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് അവകാശപ്പെടുന്നു. എന്നാൽ കൊച്ചിയിലെ സ്വകാര്യ കമ്പനിയുടെ ഫെറസ് ക്ളോറൈഡിന്റെ രാസപരിശോദന റിപ്പോർട്ടിൽ ടൈറ്റാനിയം ഉണ്ടെന്നതിന് സൂചന പോലുമില്ല.

*(ഫ്രൈഡേ ചന്ദ്രിക, 2010 ജനുവരി 22)*

# കാതിക്കുടത്തുകാർ ബഹുജന മാർച്ച് നടത്തി



കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകളായി മാരകവിഷം പുറംതള്ളുന്ന കാതിക്കൂടം എൻ ജി ഐ എൽ കമ്പനി അടച്ചുപൂട്ടണമെന്നാവശ്യപ്പെട്ട് കാതിക്കൂടം സമരസഹായസമിതിയുടെ നേതൃത്വത്തിൽ തൃശൂർ കലക്ടറേറ്റിലേക്ക് ഫെബ്രുവരി 18ന് ബഹുജന മാർച്ച് നടന്നു. സാറാ ജോസഫ് ഉദ്ഘാടനം ചെയ്തു. പരിസ്ഥിതി സമരങ്ങളോട് മുഖ്യധാരാ രാഷ്ട്രീയ സംഘടനകൾ മുഖം തിരിച്ചുനിൽക്കുന്നത് കുറ്റകരവും ഖേദകരവുമാണെന്ന് സാറാജോസഫ് പറഞ്ഞു.തങ്ങളല്ലാതെ മറ്റുള്ളവരൊന്നും സമരങ്ങൾ നയിക്കാൻ യോഗ്യരല്ലെന്ന നിലപാടാണ് മിക്ക രാഷ്ട്രീയനേതാക്കളും പുലർത്തന്നതെന്നും അവർ പറഞ്ഞു.

സ്വതന്ത്രജനകീയ മുന്നേങ്ങളെ നിർവീര്യമാക്കുന്ന തരത്തിലാണ് ഭരണത്തിന്റെ സുഖം പറ്റി കഴയുന്ന ചില ഇടതു ബുദ്ധിജീവികൾപോലും പ്രതികരിക്കുന്നത്. എന്നാൽ ഇത്തരം പ്രതികൂല സാഹചര്യങ്ങളെയെല്ലാം അതിജീവിച്ചുകൊണ്ടാണ് കാതിക്കൂടം ഗ്രാമത്തിലെ ജനങ്ങൾ വിഷമാലിന്യം പുറം തള്ളുന്ന കമ്പനിക്കെതിരെ സമരം നടത്തുന്നത്. ഇതിനോട് ഭരണകൂടം പുലർത്തുന്ന അവഗണന ഇനിയെങ്കിലും അവസാനിപ്പിക്കണം. രാസവിഷം പുഴയിലേക്കും മണ്ണിലേക്കും വായുവിലേക്കും പുറംതള്ളുന്ന കമ്പനി ഉടൻ അടച്ചുപൂട്ടണമെന്നും അല്ലാത്തപക്ഷം ശക്തമായ സമരവുമായി മുന്നോട്ടു പോകുമെന്നും സാറാ ജോസഫ് മുന്നറിയിപ്പ് നൽകി. എം മോഹൻദാസ് സിവിക്ചന്ദ്രൻ, അപ്പുകുറ്റിക്കാട്, കെ എം അനിൽകുമാർ,കെ കെ ഷാജഹാൻ, വർഗ്ഗീസ് തൊടുപറമ്പിൽ,ഡോ. പി എസ് ബാബു, പൂനം റഹീം, സി എ അജിതൻ സംസാരിച്ചു. ജയം പങ്കജാക്ഷൻ, സിന്ധുസന്തോഷ്, ജയൻ പട്ടത്ത്, കെ കെ ചന്ദ്രശേഖരൻ, ശ്രീനിവാസൻ ഇറക്കത്ത്, ബൈജു ഗംഗാധരൻ, പി എ അശോകൻ എന്നിവർ മാർച്ചിന് നേതൃത്വ നൽകി.

ആറ് മാസം മുമ്പ് ഫാക്ടറിക്ക് മുന്നിൽ ഉപരോധ സമരം നടത്തിയതിന്റെ പേരിൽ സമരത്തിൽ പങ്കെടുത്ത സ്ത്രീകളെ അറസ്റ്റ് ചെയ്തും ഭീഷണിപ്പെടുത്തിയും സമരത്തെ നിർവീര്യമാക്കാനുള്ള പൊലീസിന്റെ ശ്രമം സമരത്തെ കൂടുതൽ സംഘർഷഭരിതമാക്കുകയാണ്. കമ്പിനി അടച്ചുപൂട്ടണമെന്ന് ആവശ്യപ്പെട്ട് ഫെബ്രുവരി 18ന് കളക്ട്രേറ്റിലേക്ക് മാർച്ച് നടത്താനിരുന്നതിന് തലേദിവസം സമരസമിതി വനിതാവിഭാഗം കൺവീനർ സുമതി ജയനെ വീട്ടിലെത്തി പൊലീസ് അറസ്റ്റ് ചെയ്തു. ഇക്കാര്യത്തിൽ ഒന്നും ചെയ്യാൻ കഴിയില്ലെന്ന പൊലീസ് ഭാഷ്യം അധികാരസ്ഥാപനങ്ങൾക്ക് മേലുള്ള കമ്പിനിയുടെ സ്വാധീനം വ്യക്തമാക്കുന്നതായിരുന്നു. ജനകീയ സമരങ്ങളെ പരാജയപ്പെടുത്തനായി രൂപം കൊള്ളുന്ന പതിവ് പൊലീസ് മുറതന്നെ ഇവിടെയും ആവർത്തിക്കപ്പെട്ടു.

ബന്ധങ്ങൾക്ക് : 9745143069